**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 219/2023**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളിക്കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,
നമ്മുടെ പള്ളികളിൽ കർമ്മങ്ങൾക്കുള്ള വിഹിതങ്ങൾ നൽകുന്നത് സംബന്ധിച്ചും ഇടവകാംഗത്വവുമായി ബന്ധപ്പെട്ടും നമ്മുടെ മുൻഗാമികളായ പിതാക്കന്മാർ അതത് സമയങ്ങളിൽ കൽപനകൾ പുറപ്പെടുവിച്ചിട്ടുണ്ട് എങ്കിലും ടി വിഷയവുമായി ബന്ധപ്പെട്ട് കൂടുതൽ വ്യക്തത ആവശ്യമാണ് എന്ന് ബോധ്യമായതിനാൽ 2023 ഓഗസ്റ്റ് മാസത്തിൽ സമ്മേളിച്ച പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്യുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തീരുമാനങ്ങൾ ഈ കൽപനയിലൂടെ നാം നിങ്ങളെ അറിയിക്കുന്നു.

1. **കർമ്മങ്ങൾക്കുള്ള വിഹിതങ്ങൾ സംബന്ധിച്ച്:** സഭാ ഭരണഘടന 9-ാം വകുപ്പു പ്രകാരം മാതൃ ഇടവകയുടെ അനുവാദത്തോടുകൂടി മറ്റൊരു ഇടവകയിൽ താത്ക്കാലികാംഗത്വം സ്വീകരിച്ചിട്ടുള്ളവർ മാസവരി, മെത്രാസന ദിന സംഭാവന, കാതോലിക്കാദിന സംഭാവന തുടങ്ങിയ എല്ലാ വിഹിതങ്ങളും, താത്കാലികാംഗത്വമുള്ള ഇടവകയോഗം നിശ്ചയിക്കുന്ന മറ്റു വിഹിതങ്ങളും അവിടെ നൽകേണ്ടതാണ്. എന്നാൽ മാമോദീസാ, വിവാഹം, ശവസംസ്കാരം മുതലായ ഏതെങ്കിലും കർമ്മങ്ങൾ മാതൃ ഇടവകയിൽ നടത്തുവാൻ ആഗ്രഹിച്ചാൽ മാതൃ ഇടവകയിൽ ആ കർമ്മങ്ങൾക്ക് നിലനിൽക്കുന്ന നിരക്കനുസരിച്ച് വിഹിതം (കർമ്മഫീസ്) നൽകേണ്ടതാണ്. എന്നാൽ ഈ വിഹിതത്തിന്റെ മറവിൽ മാതൃ ഇടവകയിൽ മാസവരി തുടങ്ങിയ ഒരു സംഖ്യയും ഈടാക്കുവാൻ പാടുള്ളതല്ല. അത്തരം സന്ദർഭങ്ങളിൽ കർമ്മം നടത്തികൊടുക്കണമെന്ന് വ്യക്തമാക്കുന്ന ഒരു കത്ത് താത്ക്കാലികാംഗത്വമുള്ള ഇടവകയിലെ വികാരി മാതൃ ഇടവക വികാരിക്ക് നൽകേണ്ടതും മാതൃ ഇടവക വികാരി അതു പരിശോധിച്ച് ബോധ്യപ്പെടേണ്ടതുമാണ്. ഇത്തരം സന്ദർഭങ്ങളിൽ താത്ക്കാലികാംഗതമുള്ള ഇടവക കർമ്മങ്ങൾക്കുള്ള വിഹിതം (കർമ്മഫീസ്) ഈടാക്കുവാൻ പാടുള്ളതല്ല. ബന്ധപ്പെട്ട കക്ഷി സ്വമേധയാ സംഭാവന നൽകിയാൽ സ്വീകരിക്കാവുന്നതാണ്. കർമ്മങ്ങൾ താത്ക്കാലികാംഗത്വമുള്ള ഇടവകയിലാണ് നടക്കുന്നതെങ്കിൽ അവിടെ നിലവിലുള്ള നിരക്കനുസരിച്ച് വിഹിതങ്ങൾ നൽകേണ്ടതാണ്.

2. മാതൃ ഇടവകയിൽ അംഗത്വമുള്ള ഏതൊരു വ്യക്തിയും ഇടവകയിൽ നിന്ന് ദൂരെ മാറി താമസിക്കുമ്പോൾ ആ വിവരം ഇടവക വികാരിയെ രേഖാമൂലം അറിയിച്ചിരിക്കേണ്ടതാണ്.

3. സഭാ ഭരണഘടന വകുപ്പ് 9 പ്രകാരം ഒരു വ്യക്തി, അയാൾ മാസവരി നൽകുന്ന ഇടവകയുടെ ഇടവകയോഗത്തിൽ മാത്രമേ പങ്കെടുക്കുവാൻ പാടുള്ളൂ. ഒരു വ്യക്തി ഒരു ഇടവകയിൽ മാത്രമേ മാസവരി നൽകുവാൻ പാടുള്ളൂ. മറ്റേ ഇടവകയിൽ നൽകുന്ന തുക സംഭാവനയായി മാത്രമേ കണക്കിടുവാൻ പാടുള്ളൂ.

4. മാതൃദേവാലയം വിട്ട് മറ്റു സ്ഥലങ്ങളിലേക്ക് മാറി താമസിക്കുന്ന സഭാംഗങ്ങൾ അവിടെ സഭയുടെ ദേവാലയങ്ങൾ ഉണ്ടെങ്കിൽ താത്ക്കാലികാംഗത്വം സ്വീകരിക്കുകയും മാതൃ ഇടവകയിൽ കർമ്മങ്ങൾ നടത്തുവാൻ വരുന്ന പക്ഷം താത്ക്കാലികാംഗത്വമുള്ള ഇടവക വികാരിയുടെ കത്ത് കൊണ്ടുവരേണ്ടതും, മാതൃ ഇടവക വികാരി ഇത് ഉറപ്പ് വരുത്തേണ്ടതുമാണ്. താമസിക്കുന്ന ദേശത്ത് സഭയുടെ ദേവാലങ്ങൾ ഉണ്ടായിരിക്കുകയും എന്നാൽ അവിടെ ചേർന്ന് നടക്കാതെ മറ്റു സഭാവിഭാഗങ്ങളിൽ ചേർന്ന് നടക്കുകയും പിന്നീട് മാമോദീസാ, വിവാഹം തുടങ്ങിയ കർമ്മങ്ങൾ നടത്തിക്കിട്ടുന്നതിനായി മാതൃ ഇടവകയിൽ വരുകയും ചെയ്താൽ ഇടവക മെത്രാപ്പോ

(മറുപുറം)

ലീത്തായുടെ അനുമതിയോടുകൂടി മാത്രം കർമ്മങ്ങൾ നിർവ്വഹിക്കേണ്ടതാണ്. അങ്ങനെയുള്ളവരിൽനിന്ന് മാസ വരി ഉൾപ്പെടെയുള്ള വിഹിതങ്ങളെല്ലാം കുടിശ്ശിഖയായി കരുതി മാതൃ ഇടവക ഈടാക്കേണ്ടതാണ്.

5. താത്ക്കാലികാംഗത്വം സ്വീകരിച്ച് മാതൃ ഇടവകയിൽ നിന്ന് മാറി നിന്നവർ തിരികെ മാതൃദേശത്തു സ്ഥിരതാമസത്തിന് വരുന്ന പക്ഷം അവർ സ്വീകരിച്ച താത്ക്കാലികാംഗത്വം രേഖാമൂലം ഉപേക്ഷിക്കേണ്ടതാണ്. താത്കാലിക അംഗത്വമുള്ള പള്ളിയിൽ നിന്ന് വിടുതൽ സർട്ടിഫിക്കേറ്റ് വാങ്ങി മാതൃദേവാലയത്തിൽ ഹാജരാക്കേണ്ടതാണ്.

6. മാതൃ ഇടവകയിൽ നിന്ന് മറ്റൊരു സ്ഥലത്ത് താത്ക്കാലികാംഗത്വം സ്വീകരിക്കുന്നവർ അവിടെ നിന്ന് മൂന്നാമത് ഒരു ദേശത്തു പോകുന്ന പക്ഷം നിലവിലുള്ള താത്ക്കാലികാംഗത്വം രേഖാമൂലം ഉപേക്ഷിക്കുകയും ആ വിവരം മാതൃ ഇടവക വികാരിയെ താത്ക്കാലികാംഗത്വമുള്ള ഇടവകയിലെ വികാരിയുടെ കത്തു മൂലം അറിയിക്കുകയും ചെയ്യേണ്ടതാണ്. പുതുതായി പോകുന്ന സ്ഥലത്തുള്ള ഇടവകയിലേക്ക് മാതൃ ഇടവകയിലെ വികാരിയുടെ കത്താണ് സമർപ്പിക്കേണ്ടത്. അതായത് ഒരു വ്യക്തിക്ക് താത്ക്കാലികാംഗത്വമുള്ള ഇടവകയിലെ വികാരിക്ക് ആ വ്യക്തിയുടെ മാതൃ ഇടവകയിലേക്കല്ലാതെ മാറ്റൊരു ഇടവകയിലേക്ക് വിടുതൽ സർട്ടിഫിക്കേറ്റ് നൽകാൻ അവകാശമില്ലാത്തതാകുന്നു.

7. ഒരു വ്യക്തിക്ക് ഒരേസമയത്ത് ഒരു ഇടവകയിൽ മാത്രമേ താത്ക്കാലികാംഗത്വം അനുവദിക്കുകയുള്ളൂ. ഒരു കുടുംബത്തിലെ ഏതെങ്കിലും ഒരംഗത്തിനു താത്ക്കാലികാംഗത്വമുള്ള ഇടവകയിൽ നിന്ന് വിടുതൽ വാങ്ങി മറ്റൊരു ഇടവകയിൽ താത്ക്കാലികാംഗത്വം സ്വീകരിക്കണമെങ്കിൽ ആ വ്യക്തി മാത്രം അവിടെനിന്നു വിടുതൽ വാങ്ങി മാതൃ ഇടവകയിലെ വികാരിക്കു സമർപ്പിക്കേണ്ടതും ആ വികാരിയിൽ നിന്ന് കത്ത് വാങ്ങി അംഗത്വമാഗ്രഹിക്കുന്ന ഇടവക വികാരിക്ക് അപേക്ഷ നൽകി അവിടെ താത്ക്കാലികാംഗത്വം സ്വീകരിക്കാവുന്നതുമാണ്. ആ വ്യക്തിയുടെ കുടുംബാംഗങ്ങൾക്ക് പുതുതായി അയാൾ സ്വീകരിച്ച താത്ക്കാലികാംഗത്വമുള്ള ഇടവകയിൽ അംഗത്വം ഉണ്ടായിരിക്കുകയില്ല.

8. മാതൃ ഇടവകയിലോ, താത്ക്കാലികാംഗത്വമുള്ള ഇടവകയിലോ അല്ലാതെ സൗകര്യാർത്ഥം മൂന്നാമതൊരു ദേവാലയത്തിൽ വച്ച് കർമ്മങ്ങൾ നടത്തുന്നുവെങ്കിൽ ദേശകുറി/കത്ത് നൽകുന്ന ദേവാലയത്തിൽ വിഹിതങ്ങൾ അടയ്ക്കേണ്ടതാണ്. കർമ്മം നടത്തുന്ന ദേവാലയത്തിൽ അവിടെ നിശ്ചയിച്ചിരിക്കുന്ന സംഭാവനകൾ മാത്രം നൽകിയാൽ മതിയാകും.

9. 21 വയസ്സോ അതിൽ കൂടുതലോ ഉള്ളവർ, മാതാപിതാക്കൾ/ഭാര്യാഭർത്താക്കന്മാർ/മക്കൾ എന്നിവർക്കൊപ്പമല്ലെങ്കിൽ സ്വതന്ത്ര അംഗത്വം സ്വീകരിക്കേണ്ടതാണ്. മറ്റ് ബന്ധുക്കളുടെ അംഗത്വത്തോട് ചേർക്കാൻ പാടില്ലാത്തതാകുന്നു.

10. ഒരു വ്യക്തിയോ കുടുംബമോ ഇടവക അംഗത്വത്തിനുവേണ്ടി അപേക്ഷ നൽകുമ്പോൾ അവരിൽ നിന്ന് ഇടവക നിശ്ചയിച്ചിരിക്കുന്ന മാസവരിയും സ്വമേധയാ നൽകുന്ന സംഭാവനയും മാത്രമേ സ്വീകരിക്കുവാൻ പാടുള്ളൂ. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ഇടവക മാനേജിംഗ് കമ്മറ്റിയുടെ ശുപാർശയോടും ഇടവക മെത്രാപ്പോലീത്തായുടെ അനുമതിയോടുംകൂടി ഇടവക വികാരിക്ക് ഇക്കാര്യത്തിൽ തീരുമാനം സ്വീകരിക്കാവുന്നതാണ്.

പ. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ഈ നിശ്ചയങ്ങൾ അനുസരിച്ച് പ്രവർത്തിക്കുവാൻ വികാരിമാരും വിശ്വാസികളും പ്രത്യേകം ശ്രദ്ധിക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2023 ഓഗസ്റ്റ് മാസം 28 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

**In the blessed name of the Tri-une God, Self-existent,**
**Beginningless and Endless, Perfect in Being, (Glory be to Him)**
**Moran Mar Baselios Marthoma Mathews III Catholicos of the East and**
**Malankara Metropolitan enthroned on the Apostolic Throne of St. Thomas**

**No. 219/2023**

Blessings to our beloved Vicars of the churches, Priests of the locality, *Kaisthanees* and faithful of all the Parishes!

Dearly beloved,

Eventhough our blessed predecessors have issued orders from time to time regarding the dues to be remitted by members of our parishes for rituals and matters pertaining to membership in a parish, we understand that more clarity is needed in this regard. Consequently, the Holy Episcopal Synod which met in August 2023 discussed the matter in detail and arrived at some decisions. Through this Kalpana we communicate to you the decisions taken by the Holy Episcopal Synod.

1. The dues to be remitted for sacraments and rites.

Those who have taken temporary membership in another parish with the permission of the mother parish as per clause 9 of the Constitution of the Church, shall give monthly subscription, Diocesan Day contribution, Catholicate Day contribution and other contributions as decided by the parish where the temporary membership is maintained. However, if the member wishes to receive any sacrament or rite like baptism, marriage, funeral etc, in the mother parish he/she should give his/her dues (rites fees) as per the rates prevailing in the mother parish. But the mother parish should not ask for the monthly subscriptions or any other collections in the pretext of the dues of the particular sacrament he/she desires to recieve. In such circumstances, the Vicar of the parish where he/she holds temporary membership shall write a letter to the Vicar of the mother parish requesting him to conduct these rites and the Vicar of the mother parish shall verify and be convinced. The parish where he/she holds temporary membership shall not demand any dues (rites fees) in such cases. However, they can accept any voluntary contributions made by the concerned member. If the rites are being conducted at the same parish where he/she maintains temporary membership, the dues shall be given as per the tradition prevailing in that parish.

2. Whenever a member of a parish resides away from his/her home parish, it should be duly informed to the Vicar of the home parish.

3. As per clause 9 of the Church Constitution, a person can attend the general body meeting of the parish where he/ she pays the monthly subscription. A person shall pay the monthly subscription in one parish only. The payments made in other parishes shall be considered as donations only.

4. Those who reside at places far away from the mother parish shall take a temporary membership in the Orthodox parish, if any, where he/ she stays. If such members wish to get any rite or sacrament conducted at the home parish, they shall produce a letter from the Vicar of the parish where he/she holds temporary membership and the Vicar of the mother parish should make sure that he receives such a letter. If Orthodox members who live away from the mother parish join other denominations while they have an Orthodox

*(PTO)*

Church in the vicinity, special permission from the Diocesan Metropolitan is needed for getting Baptism, Marriage or other rites conducted at the mother parish. They should be asked to pay all dues to the mother parish including the arrears in monthly subscriptions.

5. Those who return to their native place to settle there permanently should relinquish their temporary parish membership in writing where they held it. They should produce the relieving certificate to the mother parish from the parish where he/ she held temporary membership.

6. When a member who has temporary membership in a parish goes to a third place for temporary residence, he/she should renounce his/her existing temporary membership in writing and the matter should be informed in writing to the Vicar of the mother parish by the Vicar of the parish where the member holds temporary membership. In such cases, the letter from the Vicar of the mother parish shall be produced for a fresh temporary membership in a third parish. In short, the Vicar of a parish where a member holds temporary membership shall have no right to issue a relieving certificate to any other parish except to his/ her mother parish.

7. At a time, a member can hold temporary membership in one parish only. If one single member of a family wishes to get relieved from the parish where his family has temporary membership and get membership in another parish, that person alone can get the relieving certificate from the parish where he/she has temporary membership and produce it to the Vicar of the mother parish. Subsequently he/she can obtain a letter from the Vicar of the mother parish to join a parish of his/her choice. However, the other members of his/her family will remain in the same parish where they have temporary membership.

8. If any rite or sacrament is conducted for convenience sake at a third church other than the mother parish or the parish where temporary membership is held, the dues should be remitted in the parish which issues the necessary certificates. Only fees/donation (as prevailing in that parish) is to be given at the parish where the rites are celebrated.

9. Separate and independent membership should be taken by persons who are 21 years old or above if they are not staying with their parents/ husband –wife / children. Their membership should not be attached to any other relatives.

10. When a person or family applies for parish membership the parish shall accept only the monthly subscription as stipulated by the parish and the voluntary contributions from the applicant. However, in special circumstances, the vicar can take appropriate decisions with the recommendation of the parish Managing Committee and the permission of the Diocesan Metropolitan.

The Vicars and the faithful should adhere to these decisions of the Holy Episcopal Synod.

May the Grace and Blessings of the God Almighty abide with you forever. And may the prayers of the Mother of our God, the Holy Virgin Mary, St. Thomas the Apostle of India, our Holy Fathers Yeldo Mar Baselios, Mar Gregorios, Mar Dionysius and all the Holy Saints be a stronghold for us. Amen.

Our Father who art in Heaven.........................

**Baselios Marthoma Mathews III**

From Catholicate Aramana
Devalokam, Kottayam, Kerala, India, On August 28, 2023